(ബി) ഇല്ല. റോഡപകടങ്ങൾ എണ്ണത്തിൽ കൂടുതൽ ഇരുചക്രവാഹനങ്ങളാണ്.

(സി)&(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ)&(എഫ്) ഉണ്ട്.

(ജി) ആവശ്യമായ റണ്ണിംഗ് സമയവും ഡ്രൈവർമാർക്ക് ആവശ്യമായ വിശ്രമസമയവും ലഭിക്കത്തക്കവിധത്തിലാണ് കെ.എസ്.ആർ.ടി.സി. സർവ്വീസുകളുടെ സമയക്രമം നിശ്ചയിച്ചിട്ടുള്ളത്.

(എച്ച്) ചോദ്യം ഉദിക്കുന്നില്ല.

(ഐ) കെ.എസ്.ആർ.ടി.സി. യുടെ സ്റ്റാഫ് ട്രെയിനിംഗ് സെന്ററിൽ ഡ്രൈവർമാർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിന് വിപുലമായ പദ്ധതികൾ ഒരുക്കിയിട്ടുണ്ട്. ഇവിടെ പുറത്തുനിന്നുള്ള വിദഗ്ദ്ധരായ അദ്ധ്യാപകരും മനഃ ശാസ്ത്രജ്ഞരും ഡോക്ടർമാരും ഇവർക്കായി ക്ലാസെടുക്കുന്നുണ്ട്. മോശമായ ഡ്രൈവിംഗ് രീതികളുള്ളവരെ കണ്ടെത്തി അവർക്ക് ''കറക്ടീവ് ട്രെയിനിംഗ്'' നൽകുന്നുണ്ട്. കൂടാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും പി.എസ്.സി. വഴിയും നിയമനം ലഭിക്കുന്നവരെ ട്രെയിനിംഗ് സെന്ററിൽ പരിശീലനം നൽകിയശേഷം മാത്രമേ സർവ്വീസിന് അയക്കാറുള്ളൂ.

**30 (*240) ക്ഷേത്രത്തിൽ അവതരിപ്പിക്കുന്ന കലാപരിപാടികൾ**

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേത്രങ്ങളിൽ ഉത്സവാഘോഷവേളയിൽ ഏതെല്ലാം വിധത്തിലുള്ള പരിപാടികൾ നടത്തരുതെന്നാണ് 1999 ഡിസംബർ 20-ന് ദേവസ്വം ബോർഡ് സെക്രട്ടറി ഉത്തരവിറക്കിയിട്ടുള്ളത്;

(ബി) ഇത്തരം പരിപാടികൾ 2000-മാണ്ട് ജനുവരി മുതൽ നടത്തിയിട്ടുള്ള ക്ഷേത്രങ്ങൾ സംസ്ഥാനത്തുണ്ടോ;

(സി) ഈ ഉത്തരവു ലംഘിച്ച ക്ഷേത്ര ഉദ്യോഗസ്ഥന്മാരുടെ മേൽ എന്തു നടപടി സ്വീകരിച്ചു;

(ഡി) ഉത്സവങ്ങോടനുബന്ധിച്ച് കഥകളി, ഓട്ടൻതുള്ളൽ, കൂത്ത്, പാഠകം, സംഗീത കച്ചേരി തുടങ്ങിയ പാരമ്പര്യ കലകൾക്ക് പ്രധാന്യം നൽകണമെന്ന് ബോർഡ് സെക്രട്ടറി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിനായി എന്തെല്ലാം ഏർപ്പാടുകൾ ചെയ്തിട്ടുണ്ടെന്നു വ്യക്തമാക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ) ക്ഷേത്രാന്തരീക്ഷത്തിന് ഒട്ടും യോജിച്ചതല്ലാത്ത ബ്രേക്ക് ഡാൻസ്, മിമിക്സ് പരേഡ് മുതലായവയും അതുപോലെ ഹിന്ദുമതത്തെയും ആചാരങ്ങളെയും മോശമായി ചിത്രീകരിച്ചുകൊണ്ടുള്ള ചില നാടകങ്ങളും ചില ക്ഷേത്രോപദേശക സമിതികൾ ഉത്സവ പ്രോഗ്രാമുകളിൽ ഉൾപ്പെടുത്തിവരുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അപ്രകാരമുള്ള പ്രോഗ്രാമുകൾ

LIBRARY ARCHIVES Kerala Legislative Assembly

ഒഴിവാക്കി ക്ഷേത്രാന്തരീക്ഷത്തിന് യോജിച്ചതരത്തിലുള്ള കഥകളി, ഓട്ടൻ തുള്ളൽ, ഹരികഥ മുതലായവയ്ക്കു പ്രധാന്യം നൽകണമെന്നാണ് 1999 ഡിസംബർ 20-ലെ ബോർഡിന്റെ സർക്കുലർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള തെന്നു തിരുവിതാംകൂർ ദേവസ്വംബോർഡ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ഈ ഉത്തരവ് ലംഘിച്ചതായി പരാതികൾ യാതൊന്നും ലഭിച്ചിട്ടില്ല എന്ന് ദേവസ്വംബോർഡ് അറിയിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ഇതിലേക്ക് പ്രത്യേക ഏർപ്പാടുകൾ ചെയ്യേണ്ടതില്ല. ഇവ കാലാകാലങ്ങളായി നടന്നുവരുന്നതാണ്.

## 2. നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### 1 (1042) ഗവൺമെന്റിന്റെ വരവും ചെലവും

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-2000 വർഷം ഗവൺമെന്റിന്റെ മൊത്തം വരുമാനം എത്ര യാണ് പ്രതീക്ഷിക്കുന്നത്:

(ബി) 1999-2000 വർഷം ശംബളം, പെൻഷൻ, പലിശ എന്നീ മൂന്ന് ഇനത്തിൽ എത്ര രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്;

(സി) 1995-96, 1996-97, 1997-98, 1998-99 എന്നീ വർഷങ്ങളിൽ ഗവൺമെന്റിന്റെ മൊത്തം വരുമാനവും ശംബളം, പെൻഷൻ, പലിശ എന്നീ മൂന്നിനങ്ങളിലുമുള്ള ചെലവും എത്ര വീതം ആയിരുന്നു എന്ന് വ്യക്തമാക്കാമോ;

(ഡി) ഈ നാല് വർഷങ്ങളിലെ പദ്ധതി ചെലവ് എത്ര വീതമായിരുന്നു;

(ഇ) 1999-2000 വർഷം പദ്ധതി ചെലവ് എത്രയാണ് കണക്കാക്കിയിരിക്കുന്നത്;

(എഫ്) ഈ തുക വെട്ടിച്ചുരുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ജി) എങ്കിൽ എത്രയായി ചുരുക്കുന്നു എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) 9455.97 കോടി രൂപ.

(ബി) 8024.74 കോടി രൂപ.

(സി)

| വർഷം | മൊത്തം വരുമാനം | ശമ്പളം, പെൻഷൻ, പലിശ എന്നീ ഇനങ്ങളിലെ മൊത്തം ചെലവ് (കോടിയിൽ) |
|---|---|---|
| 1995-96 | 5423.56 | 3871.45 |
| 1996-97 | 6145.08 | 4473.73 |

LIBRARY ARCHIVES Kerala Legislative Assembly